വാടകവീട്ടിൽ നഗ്നമായ നിലയിൽ യുവതിയുടെ മൃതശരീരം

കൊച്ചി: അങ്കമാലി കറുകുറ്റിയിൽ യുവതിയെ ദുരൂഹ സാഹചര്യത്തിൽ മരിച്ച നിലയിൽ കണ്ടെത്തി. തിരുവനന്തപുരം കരുംകുളം പഞ്ചായത്തിലെ പുതിയതുറ താഴേവീട്ടുവിളാകം ഫ്ളോറൻസിയെ (36) ആണ് മരിച്ച നിലയിൽ കണ്ടെത്തിയത്. നഗ്നമായ നിലയിൽ കണ്ടെത്തിയ മൃതദേഹത്തിന് 4ദിവസത്തെ പഴക്കമുണ്ടെന്ന് പൊലീസ് പറയുന്നു. കറുകുറ്റി പള്ളിയങ്ങാടിയിലുള്ള വാടകവീട്ടിൽ ഒറ്റയ്ക്കായിരുന്നു ഫ്ളോറൻസി താമസിച്ചിരുന്നത്. വീടിന്റെ പിന്നിലെ വാതിൽ തുറന്ന നിലയിലായിരുന്നു. 4മാസം മുൻപാണ് യുവതി കറുകുറ്റിയിൽ താമസത്തിനെത്തിയത്. അങ്കമാലി കെഎസ്ആർടിസി സ്റ്റാൻഡ് പരിസരത്ത് ലോട്ടറി കച്ചവടം നടത്തുകയായിരുന്നു. ബ്രോക്കർ വഴിയായിരുന്നു വീട് കണ്ടെത്തിയത്. കുറച്ച് ദിവസമായി ഫ്ളോറൻസിയെ വിളിച്ചിട്ട് കിട്ടാതിരുന്നതിനാൽ ബ്രോക്കർ കറുകുറ്റി പഞ്ചായത്ത് പ്രസിഡന്റിനെ വിവരമറിയിക്കുകയായിരുന്നു.തുടർന്ന് വീട്ടിലെത്തിയെങ്കിലും അടച്ചിട്ടിരുന്ന നിലയിലാരുന്നുവെന്ന് പഞ്ചായത്ത് പ്രസിഡന്റ് ബാബു സാനി പറഞ്ഞു.

സ്ഥാപിതം
1964

സ്വതന്ത്രമണ്ഡപം
Independent Daily
പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com വാള്യം: 62 ലക്കം: 150 2026 സെപ്തംബർ 03 വ്യാഴം പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

ഇറാനെ സഹായിക്കരുത്; നടപടിയുണ്ടാകും

മോദി–പെസെഷ്കിയാൻ ചർച്ചക്ക് പിന്നാലെ അമേരിക്കയുടെ മുന്നറിയിപ്പ്

വാഷിങ്ടൺ: അമേരിക്ക ഏർപ്പെടുത്തിയിട്ടുള്ള സാമ്പത്തിക ഉപരോധങ്ങൾ മറികടക്കാൻ ഇറാനെ ഏതെങ്കിലും രാജ്യം സഹായിച്ചാൽ അവർക്കെതിരെയും കർശന ഉപരോധങ്ങൾ ഏർപ്പെടുത്തുമെന്ന് അമേരിക്കൻ വിദേശകാര്യ സെക്രട്ടറി മാർക്കോ റൂബിയോയുടെ മുന്നറിയിപ്പ്. ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയും ഇറാൻ പ്രസിഡന്റ് മസൂദ് പെസെഷ്കിയാനും തമ്മിലുള്ള കൂടിക്കാഴ്ചയ്ക്ക് പിന്നാലെയാണ് ഇറാനെതിരെ ഉപരോധ മുന്നറിയിപ്പുമായി റൂബിയോ രംഗത്തെത്തിയത്. ഒരു റേഡിയോ പരിപാടിയിൽ സംസാരിക്കവെയായിരുന്നു അദ്ദേഹത്തിന്റെ പ്രതികരണം.

ബിഷ്കെക്കിൽ നടന്ന 26-ാമത് ഷാങ്ഹായ് സഹകരണ സംഘടന ഉച്ചകോടിയുടെ ഭാഗമായാണ് മോദിയും പെസെഷ്കിയാനും കൂടിക്കാഴ്ച നടത്തിയത്. ഇതിന് പിന്നാലെ ഇന്ത്യയും ഇറാനും തമ്മിൽ വ്യാപാര കരാറിലേക്ക് നീങ്ങുകയാണെന്ന രീതിയിലുള്ള റിപ്പോർട്ടുകൾ പുറത്തുവന്നിരുന്നു. എന്നാൽ കരാർ സാധ്യതകളെ റൂബിയോ തള്ളിക്കളഞ്ഞു. ലോക രാജ്യങ്ങൾക്ക് സ്വന്തമായ വിദേശനയങ്ങൾ ഉണ്ടാകാം. ഇതുപ്രകാരം വിദേശരാഷ്ട്രങ്ങളുമായി ചർച്ച നടത്തുന്നത് സാധാരണമാണെന്നാണ് അദ്ദേഹം പറഞ്ഞത്. യു.എസ് പ്രതിനിധികൾ പോലും ഇറാന്റെ പ്രതിനിധികളുമായി മുൻപ് സംസാരിച്ചിട്ടുണ്ടെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

അതോടൊപ്പമാണ് അമേരിക്ക ഇറാനെതിരെ ഏർപ്പെടുത്തിയ ഉപരോധങ്ങളെ മറികടക്കാൻ ആരും സഹായിക്കരുതെന്ന ട്രംപിന്റെ നിലപാട് റൂബിയോ ആവർത്തിച്ചത്. ഭീകരവാദ പ്രവർത്തനങ്ങൾക്കും ആണവായുധ നിർമാണത്തിനുമായി ഇറാൻ വരുമാനം ഉണ്ടാക്കുന്നതിനെ തടയുകയാണ് ഇതിലൂടെ ലക്ഷ്യമിടുന്നത്. ഇതിന് വിരുദ്ധമായി പ്രവർത്തിക്കുന്ന രാജ്യങ്ങൾ യു.എസ് ഉപരോധം നേരിടേണ്ടി വരും. ട്രംപ് ഭരണകൂടത്തിന് കീഴിൽ ഇറാനെ ഒരു തരത്തിലും ആണവായുധം കൈവശം വെക്കാൻ അനുവദിക്കില്ലെന്നും പറഞ്ഞു. ഇറാനെ സാമ്പത്തിക ഉപരോധങ്ങളിലൂടെയാണ് അമേരിക്ക പ്രധാനമായും സമ്മർദ്ദത്തിലാക്കുന്നത്. എന്നാൽ,ആവശ്യമെങ്കിൽ സൈനിക നടപടി സ്വീകരിക്കാനുള്ള അവകാശം അമേരിക്കയ്ക്കുണ്ടെന്നും റൂബിയോ വ്യക്തമാക്കി.

പശ്ചിമേഷ്യയിലെ യുദ്ധ സാഹചര്യങ്ങൾ കൂടുതൽ വഷളാകുന്നതിനിടെയാണ് റൂബിയോയുടെ പ്രതികരണം. കഴിഞ്ഞ ദിവസം രാത്രി ഇറാനിലെ ചില ലക്ഷ്യങ്ങൾക്ക് നേരെ യു.എസ് സൈന്യം ശക്തമായ ആക്രമണം നടത്തിയിരുന്നു. ആവശ്യമുണ്ടെങ്കിൽ ഇനിയും ആക്രമണം തുടരുമെന്നാണ് ട്രംപ് വ്യക്തമാക്കിയത്. യു.എസിന്റെയും ഇസ്രായേലിന്റെയും സാമ്പത്തിക ഉപരോധങ്ങളെയും സൈനിക നീക്കങ്ങളെയും തകർക്കുന്ന പുതിയ തന്ത്രങ്ങൾ പ്രാവർത്തികമാക്കുമെന്ന് ഇറാന്റെ സുരക്ഷാ മേധാവി മൊഹ്സെൻ റെസായിയും പ്രതികരിച്ചിട്ടുണ്ട്.

ശബരിമലയിൽ തിരുവോണ സദ്യ മുടങ്ങിയെന്ന ആരോപണം; ദേവസ്വം മന്ത്രിയെ തള്ളി ബോർഡ് പ്രസിഡന്റ്

പത്തനംതിട്ട: ശബരിമല സന്നിധാനത്ത് തിരുവോണ സദ്യ മുടങ്ങിയെന്ന ആരോപണത്തിൽ ദേവസ്വം മന്ത്രി കെ മുരളീധരനെ തള്ളി തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് കെ ജയകുമാർ. സദ്യ കൊടുക്കുന്നതിൽ വീഴ്ചയുണ്ടായില്ല. മന്ത്രിയെ ആരെങ്കിലും തെറ്റിദ്ധരിപ്പിച്ചതാകാമെന്നും കെ ജയകുമാർ പറഞ്ഞു.

’സദ്യ നടത്തുന്നത് വേണ്ടായെന്ന് ഞങ്ങളും തീരുമാനിച്ചിരുന്നു. പിന്നീട് ദേവസ്വം ബോർഡ് നേരിട്ട് ജീവനക്കാരുടെ മെസിൽ ജീവനക്കാർക്ക് സദ്യ കൊടുക്കാനും അന്ന് അവിടെ നിന്ന് ഭക്ഷണം കഴിക്കുന്ന തീർത്ഥാടകർക്ക് ആ സദ്യ കൊടുക്കാനുമാണ് തീരുമാനിച്ചത്. മെസിലെ സദ്യ മൂവായിരം ഭക്തർക്ക് കൊടുത്തു. എല്ലാ പൊലീസുകാർക്കും ഡ്യൂട്ടിയിലുണ്ടായിരുന്ന ജീവനക്കാർക്കും കൊടുത്തു.

മൂവായിരം ഭക്തർ കഴിച്ചുവെന്നതിന്റെ രേഖ കൃത്യമായി ചോദിച്ചിട്ടുണ്ട്. വിഷയത്തിൽ വ്യാപകമായി പരാതിയുണ്ടെന്നതിനെക്കുറിച്ച് ഞങ്ങൾക്കറിയില്ല. വലിയൊരു വീഴ്ചയുണ്ടായെന്ന് ചിത്രീകരിക്കുന്നത് സത്യത്തിന് വിരുദ്ധമാണ്. മന്ത്രിക്ക് ലഭിച്ച വിവരം ശരിയല്ലായിരിക്കാം. അത് ഞങ്ങൾ അദ്ദേഹത്തിന് വ്യക്തമാക്കും. സദ്യയെക്കുറിച്ച് ആവശ്യമില്ലാത്ത ദുരൂഹത പരത്തുകയാണ്’– കെ ജയകുമാർ വ്യക്തമാക്കി.

സദ്യ മുടങ്ങിയെന്ന ആരോപണം അടിയന്തരമായി അന്വേഷിക്കാൻ തിരുവിതാംകൂർ ദേവസ്വം ബോർഡിന് മന്ത്രി കെ.മുരളീധരൻ നിർദ്ദേശം നൽകിയിരിക്കുകയാണ്. മുൻ സംവിധാനങ്ങളിൽ മാറ്റം വരുത്തിയപ്പോൾ ഏകോപനം കുറഞ്ഞോയെന്ന് പരിശോധിക്കണം. വീഴ്ച കണ്ടെത്തിയാൽ കർശന നടപടി സ്വീകരിക്കണമെന്നും നിർദ്ദേശമുണ്ട്. അന്നദാനം ഉൾപ്പെടെയുള്ളവയ്ക്ക് നടപടിക്രമങ്ങൾ ഉണ്ടാക്കണമെന്നും മന്ത്രി നിർദേശിച്ചിട്ടുണ്ട്.

ഉത്രാടദിവസം മേൽശാന്തി, തിരുവോണ ദിവസം ദേവസ്വം ജീവനക്കാർ, അവിട്ടത്തിന് പൊലീസ് ഉദ്യോഗസ്ഥർ എന്നിങ്ങനെയാണ് സദ്യ നടത്തിയിരുന്നത്. സദ്യ നടത്തുന്നവർ രാവിലെയും വൈകിട്ടുമുള്ള ആഹാരം കൂടി ഏർപ്പെടുത്തണമെന്ന് ബോർഡ് നിബന്ധന വച്ചു. എന്നാൽ മാത്രമേ മെസിലെ ആദിവസങ്ങളിലെ ബിൽ കരാറുകാരന് കുറച്ചു നൽകാനാകൂ. ഇതോടെ മേൽശാന്തിയും പൊലീസും സദ്യയിൽ നിന്ന് ഒഴിഞ്ഞു. പിന്നാലെ ദേവസ്വം ജീവനക്കാരുടെ സദ്യ ബോർഡ് ഏറ്റെടുക്കുകയായിരുന്നു.

ശബരിമലയിൽ എത്തുന്ന വ്യവസായികളിൽ നിന്നടക്കം പണം പിരിച്ചാണ് ജീവനക്കാർ സദ്യ നടത്തിയിരുന്നത്. പിരിവ് വേണ്ടെന്ന് നിർദ്ദേശിച്ചാണ് സദ്യ ബോർഡ് ഏറ്റെടുത്തത്. തിരുവോണത്തിന് മെസിൽ സദ്യയും അന്നദാനമണ്ഡപത്തിൽ പുലാവുമാണ് നൽകിയത്.

പരിസ്ഥിതിലോല പ്രദേശങ്ങൾ പുനർനിർണയിക്കണം

തൃശ്ശൂർ: ഗ്ലോബൽ ഹെറിറ്റേജ് സൈറ്റിൽ നിന്ന് കേരളത്തിലെ പരിസ്ഥിതിലോല പ്രദേശങ്ങളുടെ പട്ടിക ഒഴിവാക്കണമെന്ന് കേരള കോൺഗ്രസ് (എം) ചെയർമാൻ ജോസ് കെ മാണി. 8483 ചതുരശ്ര കി.മീ. വന പരിധിക്കുള്ളിൽ മാത്രമായി പരിസ്ഥിതിലോല പ്രദേശം പരിമിതപ്പെടുത്തണമെന്നും ജോസ് കെ.മാണി.

കോടതി പരസ്യം

ബഹു. മതിലകം ബ്ലോക്ക് ഗ്രാമ ന്യായാലയ മുമ്പാകെ

OS: 53/2026

കൊടുങ്ങല്ലൂർ താലൂക്ക് എറിയാട് വില്ലേജ് മാടവന ദേശത്ത് സ്ഥാപിച്ചു പ്രവർത്തിച്ചു വരുന്ന ശ്രീനാരായണ ധർമ്മ സഭ

വാദി

കൊടുങ്ങല്ലൂർ താലൂക്ക് എറിയാട് വില്ലേജ് മാടവന ദേശത്ത് വലിയപറമ്പിൽ മമ്മു മകൻ മുഹമ്മദ്

-2-ാം പ്രതി

വാഗ്ദത്ത പത്ര പ്രകാരം വരേണ്ടും സംഖ്യക്കും പലിശക്കും മറ്റുമായി ബോധിപ്പിച്ച മേൽ നമ്പർ അന്യായത്തിലെ 2-ാം പ്രതിക്കുള്ള സമൻസ് കോർട്ടിലും വാസ സ്ഥലത്തും പതിച്ചു നടത്താൻ അനുവദിച്ച് ഉത്തരവായി മേൽ നമ്പർ കേസ് **12-10-2026** തിയ്യതി വിചാരണയ്ക്കു വെച്ചിട്ടുള്ളതും മേൽ കാര്യത്തിൽ എന്തെങ്കിലും തർക്കങ്ങൾ ഉണ്ടെങ്കിൽ അന്നേ ദിവസം പകൽ 11 മണിക്ക് മേപ്പടി കോടതി മുമ്പാകെ നേരിട്ടോ അഡ്വക്കേറ്റ് മുഖേനയോ ഹാജരായി ബോധിപ്പിക്കേണ്ടതാണെന്നും അല്ലാത്ത പക്ഷം നിങ്ങളെ കൂടാതെ തന്നെ മേൽ നമ്പർ കേസ് തീരുമാനിക്കുന്നതാണെന്നും ഇതിനാൽ അറിയിച്ചു കൊള്ളുന്നു.

എന്ന്, 2026 ജൂലൈ 22
വാദിഭാഗം അഡ്വക്കേറ്റ്
രമ്യപി (ഒപ്പ്)

GIFTINDIA NIDHI LIMITED

Registered Office: No. V/216A, Gift India Towers,
ALAPPAD, THRISSUR-680 641
CIN: U65910KL2016PLC040427
Phone: 8281166100
e-mail: giftindianidhiltd@gmail.com

PUBLIC NOTICE

Notice is hereby given that the 10th Annual General Meeting of the members of GIFTINDIA NIDHI LIMITED will be held Saturday, the 26th day of September 2026 at 10:00 a.m., at the registered office of the company at V/216A, Gift India Towers, Alappad, Thrissur - 680 641 The financial statements with its enclosures can be inspected at the Registered Office of the company on working days during office hours. The financial statements with enclosures have been affixed in the Notice Board of the company at the Registered Office. A member entitled to attend and vote at the meeting is entitled to appoint a proxy to attend and vote instead of himself/herself and the proxy need not be a member of the company.

For Giftindia Nidhi Limited
P A RADHAKRISHNAN
(DIN: 11354502) Chairman

Thrissur
03-09-2026

മോഷ്ടിച്ച ബൈക്കുമായി കടക്കുന്നതിനിടെ അപകടം; രണ്ട് യുവാക്കൾ മരിച്ചു

ആലപ്പുഴ: മോഷ്ടിച്ച ബൈക്ക് കടത്തുന്നതിനിടെ അപകടത്തിൽപ്പെട്ട് രണ്ട് യുവാക്കൾ മരിച്ചു. ആലപ്പുഴ കൈചൂണ്ടി മുക്കിൽ ഇന്ന് പുലർച്ചെ മൂന്ന് മണിയോടെയായിരുന്നു സംഭവം. മണ്ണഞ്ചേരി അടിവാരം സ്വദേശി മുഹമ്മദ് സബീൻ (17), റിൻഷാദ് എന്നിവരാണ് മരിച്ചത്. മണ്ണഞ്ചേരി അമ്പനാകുളങ്ങര സ്വദേശി പ്രമോദിന്റെ ബൈക്കാണ് ഇവർ മോഷ്ടിച്ചത്.

മണ്ണഞ്ചേരിയിൽ നിന്ന് ആലപ്പുഴയിലേക്ക് രണ്ട് ബൈക്കുകളിലായി വന്ന മൂന്ന് യുവാക്കളാണ് അപകടത്തിൽപ്പെട്ടത്. ഗുരുതരമായി പരിക്കേറ്റ ഒരാളെ ആലപ്പുഴ മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചിട്ടുണ്ട്. രാത്രി വീടിന് മുന്നിൽ ലോക്ക് ചെയ്ത് വെച്ചിരുന്ന ബൈക്കാണ് പ്രതികൾ മോഷ്ടിച്ചത്. ലോക്ക് പൊളിച്ചാണ് കൊണ്ടുപോയത്. പുലർച്ചെ നാല് മണിയോടെ നോർത്ത് പൊലീസ് ആർസി ഉടമയെ കണ്ടെത്തി വിളിച്ചപ്പോഴാണ് ബൈക്ക് മോഷണം പോയ വിവരം പ്രമോദ് അറിയുന്നത്.

അമിത വേഗത്തിലെത്തിയ ബൈക്ക് റോഡിലൂടെ തെന്നി മറിഞ്ഞ് തീപ്പൊരി ചിതറിച്ച് ഉരഞ്ഞ് നീങ്ങുന്ന രീതിയിലാണ് സിസിടിവി ദൃശ്യങ്ങളും പുറത്തുവന്നിട്ടുണ്ട്. നായ കുറുകേ ചാടിയതാണോ അപകടകാരണമെന്നും സംശയിക്കുന്നുണ്ട്. രണ്ട് യുവാക്കളും അപകടസ്ഥലത്തുവച്ച് തന്നെ മരിച്ചു.

സ്വർണ്ണവിലയിൽ വൻ വർദ്ധനവ്

തൃശ്ശൂർ: സംസ്ഥാനത്തെ സ്വർണവിലയിൽ ഇന്ന് വർധനവ്. ഈ മാസം ആദ്യം സ്വർണവില ഏറ്റവും ഉയർന്ന നിരക്കിൽ എത്തിയിരുന്നെങ്കിലും തൊട്ടടുത്ത ദിവസം തന്നെ താഴേക്ക് കുതിക്കുകയായിരുന്നു. ഇന്ന് 22 കാരറ്റ് സ്വർണം ഒരു ഗ്രാമിന് 305 രൂപയാണ് കൂടിയിരിക്കുന്നത്. ഇതോടെ ഒറ്റയടിക്ക് 2440 രൂപയുടെ വർധനവാണ് ഉണ്ടായിട്ടുള്ളത്. ഇതോടെ കേരളത്തിൽ ഒരു ഗ്രാം 22 കാരറ്റ് സ്വർണത്തിന്റെ വില 14,240 രൂപയും പവന് 1,13,920 രൂപയുമായി. ആഗോള വിപണിയിലെ വ്യതിയാനങ്ങളാണ് സംസ്ഥാന വിപണിയിലും പ്രതിഫലിക്കുന്നത്.

ഓപ്പറേഷൻ തൂഫാൻ: പരിശോധനയ്ക്ക് ഇഡിയും, സംസ്ഥാനത്ത് നാലിടത്ത് റെയ്ഡ്

കൊച്ചി: ഓപ്പറേഷൻ തൂഫാനുമായി കൈക്കോർത്ത് എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് (ഇഡി). സംസ്ഥാനത്ത് നാലിടത്ത് ഇഡി റെയ്ഡ് പുരോഗമിക്കുകയാണ്. കോഴിക്കോട് രണ്ടിടത്തും പാലക്കാട് രണ്ടിടത്തുമാണ് പരിശോധന നടക്കുന്നത്. ലഹരി കച്ചവടത്തിന്റെ മറവിൽ കോടിക്കണക്കിന് രൂപയുടെ കള്ളപ്പണ ഇടപാടുകൾ നടന്നിട്ടുണ്ടെന്ന പ്രാഥമിക വിവരത്തിന്റെ അടിസ്ഥാനത്തിലാണ് ഇഡി കേസെടുത്ത് അന്വേഷണം ആരംഭിച്ചത്.

കഴിഞ്ഞമാസം നെടുമ്പാശേരിയിൽ 16 കോടിയുടെ ഹൈബ്രിഡ് കഞ്ചാവ് പിടികൂടിയ സംഭവത്തിൽ ഇഡി കേസെടുത്ത് അന്വേഷണം ആരംഭിച്ചിരുന്നു. കേസിലെ പ്രതികളായ അബു താഹിർ, ഹരികൃഷ്ണൻ, ജഗത്, ജൈസൽ എന്നിവരുടെ വീടുകളിലാണ് ഇഡി ഉദ്യോഗസ്ഥർ ഇന്ന് ഒരേസമയം പരിശോധന നടത്തുന്നത്.

ഓപ്പറേഷൻ തൂഫാന്റെ ഭാഗമായി സംസ്ഥാനത്ത്ഇതുവരെ 10725 പേരെ അറസ്റ്റ് ചെയ്തത്. കഴിഞ്ഞ ദിവസം, 39 കേസുകളിലായി 45 പേർ കൂടി അറസ്റ്റിലായതോടെ ആകെ രജിസ്റ്റർ ചെയ്ത കേസുകളുടെ എണ്ണം 9935 ആയി. ഇതുവരെ 21412.383 ഗ്രാം എം.ഡി.എം.എയും 1154.426 കി.ഗ്രാം കഞ്ചാവും 4738.169 ഗ്രാം ഹാഷിഷ് ഓയിലും 524.127 ഗ്രാം ഹെറോയിനും പിടിച്ചെടുത്തിട്ടുണ്ട്.

കഴിഞ്ഞ ദിവസം രജിസ്റ്റർ ചെയ്ത കേസുകളിൽ സ്മാൾ ക്വാണ്ടിറ്റി കൈവശം വച്ചതിന് 13 കേസുകളും മീഡിയം ക്വാണ്ടിറ്റി കൈവശം വച്ചതിന് മൂന്ന് കേസുകളും കൊമേർഷ്യൽ ക്വാണ്ടിറ്റി കൈവശം വച്ചതിന് രണ്ട് കേസുകളും 27 എൻ.ഡി.പി.എസ് ആക്ട് പ്രകാരം 21 കേസുകളും കോട്പ പ്രകാരം 31 കേസുകളും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇവരിൽ നിന്ന് 38.452 ഗ്രാം എം.ഡി.എം.എയും 14.181 കി.ഗ്രാം കഞ്ചാവും 4.48 ഗ്രാം ഹാഷിഷ് ഓയിലും 0.2 ഗ്രാം ഹെറോയിനും പിടിച്ചെടുത്തു.

ബൈക്കപകടത്തിൽ യുവാവ് മരിച്ചു

തൃപ്രയാർ: ദേശീയപാതയിൽ എടമുട്ടം സെന്ററിനടുത്തുണ്ടായ ബൈക്ക് അപകടത്തിൽ കയ്പമംഗലം സ്വദേശിയായ യുവാവ് മരിച്ചു. കയ്പമംഗലം പനമ്പിക്കുന്നു പടിഞ്ഞാറ് ഭാഗം ചേന്ദമംഗലത്ത് ഹുസൈന്റെ മകൻ മുഹമ്മദ് റിയാസ് (30) ആണ് മരിച്ചത്. ഇന്നലെ രാത്രി പന്ത്രണ്ട് മണിയോടെ എടമുട്ടം പാലപ്പെട്ടി കിഴക്കേ വളവിനടുത്തുള്ള ജിം സെന്ററുനടുത്തായിരുന്നു അപകടം. ഇദ്ദേഹം സഞ്ചരിച്ചിരുന്ന ബൈക്ക് സർവീസ് റോഡരികിൽ റോഡ് പണിക്കായി ഇറക്കിയിട്ടിരുന്ന കല്ലിൽ തട്ടി തെന്നി മറിയുകയായിരുന്നുവെന്ന് പറയുന്നു, റോഡിൽ തലയിടിച്ച് വീണു ഗുരുതരമായി പരുക്കേറ്റ റിയാസിനെ വിവകാനന്ദ ആംബുലൻസ് പ്രവർത്തകർ വലപ്പാട് ദയ ആശുപത്രിയിൽ എത്തിച്ചെങ്കിലും മരിച്ചിരുന്നു.

ശബരിമല സ്വർണകൊള്ള : പി.എസ്. പ്രശാന്തിന് ആരോഗ്യാവസ്ഥ കണക്കിലെടുത്ത് ജാമ്യം

തിരു:ശബരിമല സ്വർണകൊള്ള കേസിൽ റിമാൻഡിൽ കഴിയുന്ന തിരുവിതാംകൂർ ദേവസ്വം ബോർഡ് മുൻ പ്രസിഡന്റ് പി.എസ് പ്രശാന്തിന് ജാമ്യം. കൊല്ലം വിജിലൻസ് കോടതിയാണ് ജാമ്യം അനുവദിച്ചത്. പക്ഷാഘാതം വന്നതിനെ തുടർന്ന് പ്രശാന്ത് തിരുവനന്തപുരം മെഡിക്കൽ കോളജിൽ ചികിത്സയിലാണ്. ശബരിമല സ്വർണക്കൊള്ള കേസിൽ അറസ്റ്റിലായി റിമാൻഡിൽ കഴിയുന്ന പ്രശാന്തിനെ രണ്ടാഴ്ചമുൻപാണ് ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. പ്രശാന്തിനൊപ്പം അറസ്റ്റിലായ മുൻ ബോർഡ് അംഗം എ. അജികുമാറിന് നേരത്തെ ജാമ്യം ലഭിച്ചിരുന്നു.

ആരോഗ്യ പ്രശ്നങ്ങൾ പരിഗണിച്ചാണ് അജികുമാറിനും ജാമ്യം ലഭിച്ചത്. ജൂലൈ 23നാണ് ഇരുവരെയും എസ്ഐടി അറസ്റ്റ് ചെയ്തത്.

ശബരിമല ക്ഷേത്രത്തിലെ ദ്വാരപാലക ശിൽപത്തിലെ സ്വർണപ്പാളി അപഹരിച്ച കേസിലാണ് പ്രശാന്തും അജികുമാറും അറസ്റ്റിലായത്. പ്രശാന്ത് 17ാം പ്രതിയാണ്. അജികമാർ 18ാം പ്രതിയും. ഹൈക്കോടതി അനുമതിയില്ലാതെ ദ്വാരപാലക പാളികൾ സ്വർണം പൂശുന്നതിനു പുറത്തേക്കു കൊണ്ടു പോയതിൽ പ്രതികൾക്കു പങ്കുണ്ടെന്നു കണ്ടെത്തിയതിനെ തുടർന്നു കഴിഞ്ഞ മാസം 23 നാണ് പ്രശാന്തിനെ പ്രത്യേക അന്വേഷണസംഘം അറസ്റ്റ് ചെയ്തത്. 2019ൽ ദ്വാരപാലക ശിൽപത്തിൽ നിന്നു സ്വർണം അപഹരിച്ചത് മറച്ചു വയ്ക്കുന്നതിന്, സ്വർണം പൂശാനെന്ന വ്യാജേനയാണ് സ്വർണപ്പാളി പുറത്തേക്കു കൊണ്ടുപോകാൻ പി.എസ്.പ്രശാന്ത് പ്രസിഡന്റ് ആയിരുന്ന ദേവസ്വം ബോർഡ് അനുമതി നൽകിയെന്നാണ് കേസ്.

സ്വർണക്കൊള്ള കേസിനു പുറമേ ശബരിമലയിലേക്കു നെയ് വാങ്ങിയതിൽ ക്രമക്കേട് നടത്തിയെന്ന കേസിലും പി.എസ്.പ്രശാന്ത് പ്രതിയാണ്. ഈ കേസിൽ ഇതുവരെ അറസ്റ്റ് രേഖപ്പെടുത്തിയിട്ടില്ല. അരവണ നിർമാണത്തിനുള്ള നെയ് വിതരണത്തിന് ഏറ്റവും കുറഞ്ഞ നിരക്ക് വാഗ്ദാനം ചെയ്ത തമിഴ്നാട്ടിലെ സ്ഥാപനത്തെ ഒഴിവാക്കി ഉയർന്ന വിലയ്ക്ക് മിൽമയ്ക്ക് കരാർ നൽകിയതിലൂടെ 2.27 കോടി രൂപ ദേവസ്വം ബോർഡിന് നഷ്ടമുണ്ടാക്കിയെന്നാണ് കേസ്.

ആശിഷ് ജോഷിയെ സോഷ്യൽ മീഡിയ പോസ്റ്റുകളെത്തുടർന്ന് 9 മണിക്കൂറോളം ചോദ്യം ചെയ്ത് ഡൽഹി പോലീസ്

ന്യൂഡൽഹി: കേന്ദ്ര സർക്കാരിന്റെ വിമർശകനായ മുൻ ഉന്നത ഉദ്യോഗസ്ഥൻ ആശിഷ് ജോഷിയെ സോഷ്യൽമീഡിയ പോസ്റ്റുകളെത്തുടർന്ന് ഒമ്പത് മണിക്കൂറോളം ചോദ്യം ചെയ്ത് ഡൽഹി പോലീസ്. ഡൽഹി പോലീസിന്റെ സ്പെഷ്യൽ സെല്ലാണ് ടെലികമ്മ്യൂണിക്കേഷൻ വകുപ്പിലെ മുൻ കമ്മ്യൂണിക്കേഷൻസ് കൺട്രോളറായ ജോഷിയെ ചോദ്യം ചെയ്തത്.

ഈ വർഷം മാർച്ച് 31-ന് കേന്ദ്ര സർക്കാരിന്റെ അഡീഷണൽ സെക്രട്ടറി റാങ്ക് ഉദ്യോഗസ്ഥനായി വിരമിച്ച ജോഷി സോഷ്യൽ മീഡിയയിൽ നരേന്ദ്ര മോദി സർക്കാരിന്റെ കടുത്ത വിമർശകനാണ്. തിരഞ്ഞെടുപ്പ് കമ്മിഷനുമായി ബന്ധപ്പെട്ട പോസ്റ്റാണെന്നും ആഭ്യന്തര മന്ത്രി അമിത് ഷായ്ക്കെതിരെയുള്ള അദ്ദേഹത്തിന്റെ ഒരു പോസ്റ്റാണ് ചോദ്യം ചെയ്യലിന് കാരണമായതെന്നും റിപ്പോർട്ടുകളുണ്ട്. ഏത് പോസ്റ്റിന്റെ പേരിലാണ് അദ്ദേഹത്തെ ചോദ്യം ചെയ്തതെന്ന് കൃത്യമായ വിവരം ഡൽഹി പോലീസ് നൽകിയിട്ടില്ല. വിവാദമായ ഒരു വീഡിയോയുടെ പേരിൽ ബിജെപി നേതാവ് കപിൽ മിശ്രയ്ക്കെതിരെ നിയമനടപടി ആവശ്യപ്പെട്ടുകൊണ്ടുള്ള സോഷ്യൽ മീഡിയ പോസ്റ്റിനെത്തുടർന്ന് 2019-ൽ ടെലികോം വകുപ്പ് ജോഷിയെ സസ്പെൻഡ് ചെയ്തിരുന്നു. ജന്തർ മന്തറിലെ പ്രക്ഷോഭവുമായി ബന്ധപ്പെട്ട് ഓഗസ്റ്റ് 13ന് പങ്കുവെച്ച ഒരു പോസ്റ്റിന്റെ പേരിൽ അദ്ദേഹത്തിനെതിരെ നിയമനടപടി സ്വീകരിച്ചിട്ടുണ്ട്.

രാവിലെ 10 മണിയോടെ ന്യൂ ഫ്രണ്ട്സ് കോളനിയിലെ സ്പെഷ്യൽ സെൽ ഓഫീസിലെത്തിച്ച ജോഷിയെ രാത്രി 7 മണിയോടെയാണ് വിട്ടയച്ചത്. ടാഗ് ചെയ്തുകൊണ്ട് ജോഷി എക്സിൽ കുറിച്ചു. സിംഹാസനം ഒഴിയുക, ജനങ്ങൾ വരുന്നു എന്ന രാംധാരി സിങ് ദിനകറിന്റെ കവിതയും അദ്ദേഹം എക്സിൽ പങ്കുവെച്ചു.

പറഞ്ഞത് കേന്ദ്രകമ്മിറ്റി റിപ്പോർട്ടിലുള്ളത് മാത്രം; നിലപാടിലുറച്ച് തോമസ് ഐസക്

തിരു : നിയമസഭാ തിരഞ്ഞെടുപ്പ് പരാജയത്തെക്കുറിച്ചുള്ള തന്റെ നിലപാടിൽ മാറ്റമില്ലെന്ന് സിപിഎം കേന്ദ്രകമ്മിറ്റി അംഗം ഡോ. തോമസ് ഐസക്. പാർട്ടിയുടെ പല ഘടകങ്ങളിൽ ചർച്ച ചെയ്ത് കേന്ദ്ര കമ്മിറ്റി തയ്യാറാക്കിയ റിപ്പോർട്ടിലുള്ള കാര്യങ്ങളാണ് താൻ പറഞ്ഞത്. ജനങ്ങളാണ് തോൽവിയുടെ കാരണക്കാർ എന്ന് പറയുന്നത് ശരിയാണോ എന്നും തോമസ് ഐസക് ചോദിച്ചു. മാദ്ധ്യമങ്ങളോട് സംസാരിക്കുകയായിരുന്നു അദ്ദേഹം.

‘സംസ്ഥാന കമ്മിറ്റിയും കേന്ദ്രകമ്മിറ്റിയും തിരഞ്ഞെടുപ്പ് പരാജയം സംബന്ധിച്ച് പാർട്ടിയിലുടനീളമുള്ള ചർച്ചകൾക്ക് ശേഷം രണ്ട് രേഖകൾ അംഗീകരിച്ചിട്ടുണ്ട്. അതിൽ പറയാത്ത കാര്യങ്ങളൊന്നും ഞാൻ പറഞ്ഞിട്ടില്ല. ഇത് നിങ്ങൾ എങ്ങനെയാണ് ഇത്രയും വലിയ പ്രമാദമായ പ്രശ്നമാക്കി മാറ്റിയതെന്ന് എനിക്കിപ്പോഴും മനസിലാകുന്നില്ല. ഞാൻ പറഞ്ഞത് മാത്രം വായിച്ചാൽ മതി. പറയാത്തത് വായിച്ചെടുത്ത് വിവാദമുണ്ടാക്കേണ്ട. ഞാൻ പറഞ്ഞത് പൂർണമായും കേന്ദ്ര കമ്മിറ്റിയുടെ പ്രമേയത്തിന്റെ അടിസ്ഥാനത്തിലാണ്. ഒരു മണിക്കൂർ നീണ്ടുനിന്ന സംവാദത്തിൽ വെറും അഞ്ച് മിനിട്ടാണ് ഇത് പറഞ്ഞത്. ജനങ്ങൾക്കാണ് തോൽവിയുടെ ഉത്തരവാദിത്തം എന്ന് പറയുന്നത് ശരിയാണോ?’ – തോമസ് ഐസക് ചോദിച്ചു.

നിയമസഭാ തിരഞ്ഞെടുപ്പിലെ കനത്ത പരാജയത്തിന് കാരണം സംസ്ഥാന നേതൃത്വത്തിന്റെ വീഴ്ചയാണെന്ന കേന്ദ്ര കമ്മിറ്റി റിപ്പോർട്ട് തള്ളിയ പിണറായി വിജയനെതിരെ സിപിഎമ്മിൽ പടയൊരുക്കം നടക്കുന്നതായി വിവരം. കേന്ദ്ര നേതൃത്വത്തിന്റെ പിന്തുണയോടെയാണ് ഒരു വിഭാഗം നേതാക്കളുടെ നീക്കം. പിണറായി ലൈനല്ല പാർട്ടി ലൈനെന്ന വാദമാണ് ഇവർ ഉയർത്തുന്നത്. കേന്ദ്ര കമ്മിറ്റി അംഗീകരിക്കുകയും പാർട്ടി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്ത റിപ്പോർട്ടിനെ പിണറായി വിജയൻ പൂർണമായും നിരാകരിക്കുന്നുവെന്നാണ് വിമർശനം.

പിണറായിയും എംവി ഗോവിന്ദനും ഉൾപ്പെടെയുള്ള നേതൃത്വത്തിന്റെ വീഴ്ചയും ശൈലിയും സ്ഥാനാർത്ഥി നിർണയവും പരാജയത്തിനിടയാക്കിയെന്നാണ് കേന്ദ്ര നേതൃത്വത്തിന്റെ അവലോകന റിപ്പോർട്ട്. എന്നാൽ പയ്യന്നൂരും തളിപ്പറമ്പിലും പിണറായി വിജയൻ നടത്തിയ രാഷ്ട്രീയ വിശദീകരണം ഈ റിപ്പോർട്ടിന് എതിരാണ്. തോൽവിക്ക് അണികളെ കുറ്റപ്പെടുത്തുകയാണ് പിണറായി ചെയ്തത്. പ്രവർത്തകർ തെറ്റിദ്ധരിക്കപ്പെട്ടതിനാൽ പരാജയമുണ്ടായെന്ന പരാമർശം, തെറ്റ് ഉൾക്കൊള്ളാൻ തയ്യാറാകാത്തതിന്റെ സൂചനയായിട്ടാണ് ഇവർ കാണുന്നത്.

അഷ്ടമിരോഹിണി ദിന ആശംസകൾ.....

അണിയാം വിശ്വസ്തതയുടെ അനുഭൂതി
HARE KRISHNA
GOLD & DIAMOND
KAILAS NAGAR, YESUDAS ROAD KUNNAMKULAM
MOB: 9745836426

RNI No. 7675/1964, Edited, Printed & Published by A. Mohammed at Mangalodayam Printers Printers, Thrissur-4

ശ്രീകൃഷ്ണ ജയന്തി തലമുറകളെ ഒന്നിപ്പിക്കുന്ന ഭക്തിയുടെയും സംസ്കാരത്തിന്റെയും ആഘോഷം; വ്രതം എങ്ങനെ?

മണ്ണിൽ പിറന്ന ഒരു ബാലന്റെ കുസൃതികളിലും കളിചിരികളിലും പോലും ദൈവികതയുടെ മഹത്തായ സന്ദേശം കാണാൻ കഴിയുന്ന അപൂർവമായ ആഘോഷമാണ് ശ്രീകൃഷ്ണ ജയന്തി.

മണ്ണിൽ പിറന്ന ഒരു ബാലന്റെ കുസൃതികളിലും കളിചിരികളിലും പോലും ദൈവികതയുടെ മഹത്തായ സന്ദേശം കാണാൻ കഴിയുന്ന അപൂർവമായ ആഘോഷമാണ് ശ്രീകൃഷ്ണ ജയന്തി. ബാല്യത്തിന്റെ നിഷ്കളങ്കതയും സ്നേഹത്തിന്റെ മാധുര്യവും ധർമ്മത്തിന്റെ ശക്തിയും ജ്ഞാനത്തിന്റെ ആഴവും ഒരുമിച്ച് പകരുന്ന ദിവ്യസാന്നിധ്യമാണ് ശ്രീകൃഷ്ണൻ. അതുകൊണ്ടുതന്നെ കൃഷ്ണന്റെ ജന്മദിനം ഒരു മതാചരണം മാത്രമല്ല, തലമുറകളെ ഒന്നിപ്പിക്കുന്ന ഭക്തിയുടെയും സംസ്കാരത്തിന്റെയും ആഘോഷം കൂടിയാണ്.

മഹാവിഷ്ണുവിന്റെ എട്ടാമത്തെ അവതാരമായാണ് ശ്രീകൃഷ്ണനെ ഹിന്ദു വിശ്വാസം കാണുന്നത്. ചിങ്ങമാസത്തിലെ കൃഷ്ണപക്ഷ അഷ്ടമി തിഥിയും രോഹിണി നക്ഷത്രവും ചേരുന്ന പുണ്യദിനമാണ് കേരളത്തിൽ അഷ്ടമിരോഹിണി എന്ന പേരിൽ ആഘോഷിക്കുന്നത്. ഗോകുലാഷ്ടമി, കൃഷ്ണാഷ്ടമി, ജന്മാഷ്ടമി, ശ്രീജയന്തി, ശ്രീകൃഷ്ണ ജയന്തി എന്നീ പേരുകളിലും ഈ ദിനം അറിയപ്പെടുന്നു. ദ്വാപരയുഗത്തിന്റെ അവസാനത്തിൽ മഥുരയിലെ കാരാഗൃഹത്തിൽ വസുദേവരുടെയും ദേവകിയുടെയും എട്ടാമത്തെ പുത്രനായി ശ്രീകൃഷ്ണൻ അവതരിച്ചുവെന്നാണ് പുരാണവിശ്വാസം.

അധർമ്മം ശക്തിപ്പെട്ട കാലത്ത് ധർമ്മ സംരക്ഷണത്തിനായി മഹാവിഷ്ണു കൃഷ്ണരൂപത്തിൽ അവതരിച്ചതിന്റെ ഓർമ്മയാണ് ഈ ആഘോഷത്തിന്റെ അടിസ്ഥാനം. അർധരാത്രിയിൽ ജനിച്ച കൃഷ്ണനെ വസുദേവർ അമ്പാടിയിലെ നന്ദഗോപരുടെയും യശോദയുടെയും അടുത്തെത്തിച്ചു. അവിടെയാണ് ഉണ്ണിക്കണ്ണൻ ബാല്യകാലം ചെലവഴിച്ചത്. വെണ്ണമോഷണവും കൂട്ടുകാരോടൊത്തുള്ള കളികളും പശുക്കളോടുള്ള സ്നേഹവും നിറഞ്ഞ കൃഷ്ണന്റെ ബാലലീലകൾ ഭക്തിയുടെ ഏറ്റവും മനോഹരമായ ചിത്രങ്ങളായി മാറി. പിന്നീട് കംസന്റെ അധർമ്മത്തിന് അന്ത്യം കുറിക്കുകയും കുരുക്ഷേത്രത്തിൽ അർജുനന് ഭഗവദ്ഗീത ഉപദേശിച്ച് കർത്തവ്യത്തിന്റെയും ധർമ്മത്തിന്റെയും ജ്ഞാനത്തിന്റെയും മഹത്തായ സന്ദേശം നൽകുകയും ചെയ്തു.

കേരളത്തിൽ അഷ്ടമിരോഹിണിക്ക് ക്ഷേത്രാചാരങ്ങൾക്കൊപ്പം വലിയ ജനകീയ പങ്കാളിത്തവുമുണ്ട്. കുട്ടികളെ ഉണ്ണിക്കണ്ണനായും രാധയായും ഗോപികമാരായും ഗോപന്മാരായും അണിയിച്ചൊരുക്കുന്നത് ആഘോഷത്തിന്റെ പ്രധാന ആകർഷണമാണ്. വീടുകളിൽ അരിമാവ് കൊണ്ട് കൃഷ്ണന്റെ പാദചിഹ്നങ്ങൾ വരയ്ക്കുന്നതും വെണ്ണ, അവൽ, പാൽ, പഴങ്ങൾ, നെയ്യ് തുടങ്ങിയവ നിവേദിക്കുന്നതും പതിവാണ്. ബാലഗോകുലങ്ങളുടെയും ക്ഷേത്രങ്ങളുടെയും നേതൃത്വത്തിൽ നടക്കുന്ന ശോഭായാത്രകൾ അഷ്ടമിരോഹിണിയുടെ ജനകീയ മുഖമായി മാറിയിട്ടുണ്ട്. കൃഷ്ണവേഷമണിഞ്ഞ കുട്ടികൾ, രാധ, ഗോപികമാർ, ഗോപന്മാർ, യശോദ, നന്ദഗോപൻ തുടങ്ങിയ കഥാപാത്രങ്ങൾ അണിനിരക്കുന്ന യാത്രകളിൽ കൃഷ്ണലീലകളെ ആസ്പദമാക്കിയ നിശ്ചലദൃശ്യങ്ങളും ഭജനകളും വാദ്യമേളങ്ങളും ഉണ്ടാകും. ഉറിയടി, കൃഷ്ണലീലാ അവതരണം തുടങ്ങിയവയും പല പ്രദേശങ്ങളിലെയും ആഘോഷങ്ങൾക്ക് മാറ്റുകൂട്ടുന്നു.

അഷ്ടമിരോഹിണി ദിവസം ശ്രീകൃഷ്ണ ക്ഷേത്രങ്ങളിൽ അഭിഷേകം, അലങ്കാരം, പ്രത്യേക നിവേദ്യം, ഭജന, ഭാഗവതപാരായണം, ദീപാരാധന, പാതിരാത്രി പൂജ തുടങ്ങിയ ചടങ്ങുകൾ നടക്കുന്നു. ഗുരുവായൂർ, അമ്പലപ്പുഴ, തിരുവമ്പാടി, കാലടി തുടങ്ങിയ പ്രസിദ്ധ ശ്രീകൃഷ്ണ ക്ഷേത്രങ്ങളിലും പ്രത്യേക പൂജകളും ഭക്തിപരിപാടികളും സംഘടിപ്പിക്കാറുണ്ട്. അമ്പലപ്പുഴയിലെ പാൽപ്പായസം ഉൾപ്പെടെയുള്ള ക്ഷേത്ര നിവേദ്യങ്ങൾ കൃഷ്ണഭക്തിയുടെ പാരമ്പര്യവുമായി ചേർന്നു നിൽക്കുന്നു. കൃഷ്ണന്റെ ജനനം അർധരാത്രിയിലായതിനാൽ ജന്മമുഹൂർത്തത്തിലെ പൂജയ്ക്ക് പ്രത്യേക പ്രാധാന്യമുണ്ട്. ഭക്തർ ഉപവാസം അനുഷ്ഠിക്കുകയും കൃഷ്ണനാമജപം, ഭജന, ഭാഗവതപാരായണം എന്നിവ നടത്തുകയും ജന്മപൂജയ്ക്കുശേഷം പ്രസാദം സ്വീകരിക്കുകയും ചെയ്യുന്നു.

ആചാരത്തിനും ആരോഗ്യസ്ഥിതിക്കും അനുസരിച്ച് പൂർണ ഉപവാസമോ പഴവർഗങ്ങൾ മാത്രം കഴിച്ചുള്ള വ്രതമോ സ്വീകരിക്കുന്നവരുമുണ്ട്.

2026-ലെ അഷ്ടമിരോഹിണി സെപ്റ്റംബർ 4 വെള്ളിയാഴ്ച, ചിങ്ങം 19ന് ആചരിക്കുന്നു. അന്നത്തെ നിശീതകാലം ഏകദേശം രാത്രി 11.56 മുതൽ സെപ്റ്റംബർ 5 പുലർച്ചെ 12.41 വരെയായി കണക്കാക്കപ്പെടുന്നു. പഞ്ചാംഗ രീതികൾ അനുസരിച്ച് സമയത്തിൽ ചെറിയ വ്യത്യാസങ്ങൾ ഉണ്ടായേക്കാം. കൃത്യസമയം പ്രാദേശിക പഞ്ചാംഗവും ക്ഷേത്രാചാരവും അനുസരിച്ച് പരിശോധിക്കണം. ശ്രീകൃഷ്ണ ജയന്തി നമ്മെ ഓർമിപ്പിക്കുന്നത് സ്നേഹത്തിന്റെയും ധർമ്മത്തിന്റെയും കർത്തവ്യ ബോധത്തിന്റെയും വഴിയിലൂടെ ജീവിതത്തെ മുന്നോട്ടുകൊണ്ടുപോകണമെന്ന സന്ദേശമാണ്. ബാലകൃഷ്ണന്റെ നിഷ്കളങ്കത മുതൽ ഗീതോപദേശകന്റെ ജ്ഞാനം വരെയുള്ള കൃഷ്ണ ജീവിതം മനുഷ്യന് നൽകുന്ന പാഠങ്ങൾ കാലാതീതമാണ്.

സ്നേഹവും സന്തോഷവും പകർന്ന് 'ഓണമധുരം 2026'

മുക്കംപുഴ, അതിരപ്പിള്ളി: ഇരിങ്ങാലക്കുട ലയൺസ് ക്ലബിന്റെ നേതൃത്വത്തിൽ സെന്റ് ജോസഫ്സ് കോളേജ് ബോട്ടണി,കെമിസ്ട്രി എന്നി വകുപ്പുകളുടെ സഹകരണത്തോടെ അതിരപ്പിള്ളി മുക്കംപുഴ ആദിവാസി ഉന്നതിയിൽ യൂത്ത് എംപവർമെന്റ് പ്രൊജക്റ്റിന്റെ ഭാഗമായി ഓണാഘോഷം ഓണമധുരം 2026 സംഘടിപ്പിച്ചു. ക്ലബ് പ്രസിഡണ്ട് ടി.ഗോപിനാഥ് മേനോൻ അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ കോളേജ് വൈ. പ്രിൻസിപ്പൽ ഡോ.സി ഫ്ലവററ്റ് മുഖ്യാതിഥി ആയിരുന്നു.

എബിൻ മാത്യു, ലയൺസ് ഡിസ്ട്രിക്റ്റ് കോ ഒർഡിനേറ്റർ അഡ്വ ജോൺ നിധിൻ തോമസ്, ഡോ ബിനു ടി വി,ഡോ സിനി വർഗീസ്,ഫെനി എബിൻ എന്നിവർ സംസാരിച്ചു. ഓണാഘോഷത്തിന്റെ ഭാഗമായി ഭക്ഷ്യ കിറ്റുകൾ, ഓണക്കോടികൾ, പഠനോപകരണങ്ങൾ എന്നിവ വിതരണം ചെയ്തു.

വിദ്യാർത്ഥിനികളുടെ ഓണപ്പാട്ടുകൾ ആഘോഷത്തിന് മാറ്റേകി .തോമസ് കാളിയങ്കര, ജോസ് തെക്കേത്തല , ജോൺസൺ കണ്ടംകുളത്തി എന്നിവർ നേതൃത്വം നൽകിയ പരിപാടി ശ്രദ്ധേയമായി.

ജില്ലാ ആസൂത്രണ സമിതി യോഗം

തൃശൂർ: അഡ്ഹോക് ജില്ലാ ആസൂത്രണ സമിതി യോഗം സെ.7ന് ഉച്ചതിരിഞ്ഞ് 3ന് ജില്ലാ ആസൂത്രണഭവൻ കോൺഫറൻസ് ഹാളിൽ ചേരും.

ലൈഫ് ഇൻഷുറൻസ് കോർപറേഷൻ ഓഫ് ഇന്ത്യയുടെ എഴുപതാമത് ഇൻഷുറൻസ് വാരാഘോഷം ഇരിങ്ങാലക്കുടയിൽ തോമസ് ഉണ്ണിയാടൻ എം എൽ എ ഉദ്ഘാടനം ചെയ്യുന്നു.

ഇൻഷുറൻസ് വാരാഘോഷം ആരംഭിച്ചു

ഇരിങ്ങാലക്കുട:ലൈഫ് ഇൻഷുറൻസ് കോർപറേഷൻ ഓഫ് ഇന്ത്യ എന്ന പ്രസ്ഥാനം രാഷ്ട്രത്തിനും സമൂഹത്തിനും നൽകിയ സംഭാവനകൾ വളരെ വലുതാണെന്ന് തോമസ് ഉണ്ണിയാടൻ എം എൽ എ പറഞ്ഞു. ലൈഫ് ഇൻഷുറൻസ് കോർപറേഷൻ ഓഫ് ഇന്ത്യയുടെ എഴുപതാമത് ഇൻഷുറൻസ് വാരാഘോഷം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഇരിങ്ങാലക്കുട സീനിയർ ബ്രാഞ്ച് മാനേജർ എ. വി. സാലിഹ്, അസി. മാനേജർ സുഭാഷ്, എ ഡി എം മഹാദേവൻ എന്നിവർ പ്രസംഗിച്ചു.

അമല ലബോറട്ടറിക്ക് എൻ.എ.ബി.എൽ അംഗീകാരം

അമല മെഡിക്കൽ കോളേജ് ലബോറട്ടറിയ്ക്ക് 519 ടെസ്റ്റുകൾക്കുള്ള അംഗീകാരം നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ലബോറട്ടറിസിൽ നിന്നും ലഭിച്ചു. കേരളത്തിൽ അപൂർവ്വം ലബോറട്ടറികൾക്ക് മാത്രമാണ് ഇത്രയും ടെസ്റ്റുകൾക്കുള്ള അംഗീകാരം ലഭിച്ചിട്ടുള്ളത്. അംഗീകാര സമർപ്പണം കേരള ആരോഗ്യ വകുപ്പ് മന്ത്രി കെ. മുരളീധരൻ നടത്തി. എം.എൽ.എ സേവ്യാർ ചിറ്റിലപ്പിള്ളി, അടാട്ട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി. ജെ ദേവസി,ഡയറക്ടർ ഫാ. ജൂലിയസ് അറക്കൽ എന്നിവർ പങ്കെടുത്തു.

അമല ലബോറട്ടറിക്കുള്ള എൻ.എ.ബി.എൽ അംഗീകാരം കേരള ആരോഗ്യമന്ത്രി കെ മുരളീധരനിൽ നിന്നും ജോയിന്റ് ഡയറക്ടർ ഫാ. ഷിബു പുത്തൻപുരയ്ക്കൽ സി. എം. ഐ ഏറ്റുവാങ്ങുന്നു.

പാലക്കാട് ഡിവിഷൻ വിഭജനം: കേരളത്തെ കേന്ദ്രം ചതിച്ചു;പ്രത്യേക നിയമസഭാ സമ്മേളനം പ്രമേയം പാസാക്കണം: വി എം സുധീരൻ

ഇന്ത്യൻ റെയിൽവേയുടെ ചരിത്രത്തിലെ ഏറ്റവും വലിയ ചതിയാണ് പാലക്കാട് റെയിൽവേ ഡിവിഷൻ വിഭജനത്തിലൂടെ കേരളത്തോട് കേന്ദ്രം നടത്തിയിരിക്കുന്നതെന്ന് കെ.പി.സി.സി മുൻ പ്രസിഡന്റ് വി.എം സുധീരൻ പറഞ്ഞു.പാലക്കാട് ഡിവിഷൻ വിഭജനത്തിനെതിരെ കേരള നിയമസഭ പ്രത്യേക സമ്മേളനം വിളിച്ചുചേർത്ത് പ്രമേയം പാസാക്കണമെന്നും കൂടാതെ എല്ലാ എംഎൽഎമാരും സർവ്വകക്ഷി നേതാക്കളും ചേർന്ന് മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ പ്രധാനമന്ത്രിയെ സന്ദർശിച്ച് സംസ്ഥാനത്തിന്റെ പ്രതിഷേധം രേഖപ്പെടുത്തണം.പാലക്കാട് ഡിവിഷനിൽ നിന്ന് വലിയ വരുമാനമുള്ള മംഗലാപുരം മേഖലയെ ഒഴിവാക്കിയത് കേരളത്തിന്റെ റെയിൽവേ വികസനത്തെ പ്രതികൂലമായി ബാധിക്കും.

പാലക്കാട് കഞ്ചിക്കോട് കോച്ച് ഫാക്ടറി റദ്ദാക്കുന്നതും ഈയിടെയാണ് നാം അറിഞ്ഞത്.കൂടാതെ തിരുവനന്തപുരം ഡിവിഷനും വെട്ടിക്കുറക്കുന്നതിനുള്ള നീക്കങ്ങൾ നടക്കുന്നതായാണറിയുന്നത്. നമ്മുടെ രാജ്യത്ത് കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തമ്മിലുള്ള പ്രവർത്തനങ്ങളെ സംബന്ധിച്ച് വ്യക്തമായ ചട്ടക്കൂട്ട് നിലനിൽക്കുന്ന ഘട്ടത്തിലാണ് ആ ഫെഡറൽ സംവിധാനത്തെ തകർക്കുന്ന ശൈലിയിൽ ബി.ജെ.പി സർക്കാർ കാലങ്ങളായി പ്രവർത്തിക്കുന്നതെന്നും സുധീരൻ വ്യക്തമാക്കി.

പാലക്കാട് റെയിൽവേ ഡിവിഷൻ വിഭജനത്തിനെതിരെ കെപിസിസിയുടെ നിർദ്ദേശപ്രകാരം ഡിസിസി തൃശ്ശൂർ റെയിൽവേ സ്റ്റേഷനു മുന്നിൽ നടത്തിയ പ്രതിഷേധ ധർണ്ണ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഡിസിസി പ്രസിഡന്റ് അഡ്വ ജോസഫ് ടാജറ്റ് അധ്യക്ഷത വഹിച്ചു.

കേരളത്തോട് കേന്ദ്രത്തിന് ചിറ്റമ്മ നയമാണെന്നും സംസ്ഥാനത്തോടുള്ള അവഗണനയുടെ അവസാനത്തെ ഉദാഹരണമാണ് പാലക്കാട് ഡിവിഷൻ വിഭജനം.ചക്ക ഇട്ടപ്പോൾ മുയല് ചത്തു എന്ന് പറയുന്നതുപോലെയാണ് ബിജെപിക്ക് കേരളത്തിൽ ഒരു എംപിയെ ലഭിച്ചത്,അദ്ദേഹം ഇതുവരെ പാലക്കാട് ഡിവിഷൻ വിഭജനത്തെക്കുറിച്ച് മിണ്ടാത്തത് പ്രതിഷേധാർഹമാണ്.ബിജെപിയുടെ പ്രവർത്തനങ്ങൾ കൊണ്ട് 2029 നടക്കുന്ന ലോക്സഭാ തെരഞ്ഞെടുപ്പിൽ കേരളത്തിൽനിന്ന് ബിജെപിക്ക് ഒരു എംപി പോലും ഉണ്ടാകില്ലെന്ന് ഉറപ്പിക്കാൻ കഴിയും.തൃശ്ശൂർ റെയിൽവേ സ്റ്റേഷനായി 300 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ പാസായിട്ടുണ്ടെങ്കിലും അത് പ്രാവർത്തികമാക്കാൻ തൃശ്ശൂരിന്റെ എംപിക്ക് സാധിച്ചിട്ടില്ലെന്നും എവിടെയെങ്കിലും മറ്റാരുടെയെങ്കിലും ഉത്തരവാദിത്വത്തിലോ പ്രവർത്തനങ്ങളിലോ വികസന പ്രവർത്തനങ്ങൾ നടന്നാൽ അവിടെ എട്ടുകാലി മമ്മൂഞ്ഞിനെ പോലെ എത്തുന്ന സമീപനമാണ് തൃശ്ശൂരിന്റെ എംപിയും കേന്ദ്രമന്ത്രിയുമായ വ്യക്തിയുടേതെന്നും ധർണയിൽ മുഖ്യപ്രഭാഷണം നടത്തിക്കൊണ്ട് എ. ഐ.സി.സി സെക്രട്ടറി ടി എൻ പ്രതാപൻ പറഞ്ഞു.

നേതാക്കളായ എംപി വിൻസെന്റ്,ജോസ് വള്ളൂർ,ടിവി ചന്ദ്രമോഹൻ,ജോസഫ് ചാലിശ്ശേരി ഡെപ്യൂട്ടി മേയർ എ പ്രസാദ്,കെ വി ദാസൻ,കെ ബി ശശികുമാർ,സുനിൽ അന്തിക്കാട്,ജോൺ ഡാനിയൽ,സിസി ശ്രീകുമാർ, ഐ.പി പോൾ,സി ഒ ജേക്കബ്,കെ കെ ബാബു,സിജോ കടവിൽ, വി സുരേഷ് കുമാർ,കെ എച്ച് ഉസ്മാൻ ഖാൻ,എം എസ് ശിവരാമകൃഷ്ണൻ ,കെ. ബി ജയറാം, സജീവൻ കുരിയച്ചിറ,കല്ലൂർ ബാബു, ജെയിംസ് പോൾ,പി ശിവശങ്കരൻ,സുബി ബാബു,പി കെ രാജൻ, ജെയ്ജു സെബാസ്റ്റ്യൻ,

സി എം നൗഷാദ്, കെ.സി അഭിലാഷ്, കെ അജിത് കുമാർ,ജിജോ കുര്യൻ,ഷാഹിദാ റഹ്മാൻ, കെ.പി ഉമ്മർ, കെ.പി രാധാകൃഷ്ണൻ, സി. ജെ സ്റ്റാൻലി, റിസൺ വർഗീസ്, കെ എൻ വിജയ കുമാർ, സുധൻ കാരയിൽ, അലക്സ് ചുക്കിരി, സോമൻ ചിറ്റേത്ത്, എന്നിവർ പ്രസംഗിച്ചു.

സർവന്റ്സ് ഓഫ് ഗോഡ് ഓണാഘോഷം

തൃശ്ശൂർ: ജനറൽ ആശുപത്രിയിൽ പ്രവർത്തിച്ചു വരുന്ന സർവന്റ്സ് ഓഫ് ഗോഡ് എന്ന സംഘടനയുടെ ഓണാഘോഷം ഉത്രാടനാളിൽ ആഘോഷിച്ചു. പ്രസിഡന്റ് ജോസ് നിലയാറ്റിങ്കലിന്റെ അധ്യക്ഷതയിൽ വെരി.റവ. ഫാദർ ജോസ് കോനിക്കര (വികാരി ജനറൽ) ഉദ്ഘാടനം ചെയയ്തു. ഡെപ്യൂട്ടി മേയർ എ. പ്രസാദ് പാവപ്പെട്ട രോഗികൾക്ക് വീൽ ചെയർ, കട്ടിൽ, എയർ ബെഡ് എന്നിവ വിതരണം ചെയ്തു. ഫാദർ റെനി മുണ്ടൻകുരിയൻ അനുഗ്രഹ പ്രഭാഷണം നടത്തി. കൗൺസിലർ മേഴ്സി അജി, സിസ്റ്റർ ലിസ്മി, ജെയിംസ് ആഴ്ചങ്ങാടൻ, വർഗീസ് തെക്കേത്തല, ഷൈജു ബഷീർ, ആനന്ദപ്രസാദ് തേറയിൽ, അശോക് കുമാർ എന്നിവർ ആശംസ അർപ്പിച്ചു. ചടങ്ങിനു ശേഷം രോഗികൾക്കും കൂടെ നിൽക്കുന്നവർക്കും ഓണസദ്യ നൽകി.

ഇന്നും വൈദ്യുതി നിയന്ത്രണം

തൃശ്ശൂർ: സംസ്ഥാനത്ത് ഇന്നും വൈദ്യുതി നിയന്ത്രണത്തിന് സാധ്യതയെന്ന് KSEB.15 മിനിറ്റ് മുതൽ അരമണിക്കൂർ വരെ വൈദ്യുതി മുടങ്ങിയേക്കും. രാത്രി ഏഴ് മുതൽ 12 വരെയുള്ള സമയങ്ങളിലാണ് നിയന്ത്രണം. ദേശീയതലത്തിൽ വൈദ്യുതിയുടെ കുറവാണ് കാരണം.

ടാസ് നാടകോത്സവം –2026

സെപ്തംബർ 12 മുതൽ 23 വരെ

തൃശൂർ: ട്രിച്ചൂർ ആർട്സ് സൊസൈറ്റി സംഘടിപ്പിക്കുന്ന 30-ാമത് അഖില കേരള പ്രൊഫഷണൽ നാടക മത്സരം സെപ്തംബർ 12 മുതൽ 23 വരെ വൈകീട്ട് 6ന് തൃശ്ശൂർ ടൗൺ ഹാളിൽ അരങ്ങേറുന്നു. ജോസ് ആലൂക്കാസ് എവർ റോളിംങ്ങ് ഗോൾഡ് ട്രോഫിക്കുവേണ്ടിയുള്ള മത്സരത്തിൽ തിരഞ്ഞെടുക്കപ്പെട്ട പ്രമുഖ സമിതികളുടെ ഏറ്റവും പുതിയ നാടകങ്ങൾ അവതരിപ്പിക്കുന്നു. 12ന് ഓച്ചിറ ധ്വനിയുടെ 'ശശാങ്കന്റെ പുഷ്പക വിമാനം' 13 ന് കോഴിക്കോട് നവചേതനയുടെ "മഹാബലി' 14നു മലയാള നാടകവേദി യുടെ 'ഒരു സുന്ദര ദിവസം' 15നു തിരുവനന്തപുരം അമ്മ പീപ്പിൾസ് തിയ്യേറ്ററിന്റെ 'ആൾമരം' . 16 നു കൊല്ലം അനശ്വര യുടെ 'രാവണൻ' 17 നു കായംകുളം പീപ്പിൾസിന്റെ ചാപ്ലിൻ കുഞ്ഞൂട്ടൻ, 18നു ചങ്ങനാശ്ശേരി അണിയറയുടെ 'തിര' 19നു ആറ്റിങ്ങൽ ശ്രീധന്യയുടെ 'ഇല', 20 നു കോഴിക്കോട് രംഗഭാഷ യുടെ 'ഒരുക്കം' 21 നു കൊല്ലം കാളിദാസ കലാകേന്ദ്രത്തിന്റെ 'ഇപ്പോൾ അല്ലെങ്കിൽ എപ്പോൾ' 22നു തിരുവനന്തപുരം സൗപർണ്ണികയുടെ 'പടയോട്ടം' 23 നു പത്തനാപുരം ഗാന്ധിഭവൻ - "കൂട്' 24 നു നടക്കുന്ന സമാപന സമ്മേളനത്തിൽ പ്രേക്ഷകർ പങ്കെടുത്ത് ഗ്യാലപ്പ് പോളിലൂടെ വോട്ട് ചെയ്ത് വിജയിച്ചവർക്ക് പുരസ്ക്കാരങ്ങൾ നൽകുന്നതും ഒപ്പം സംഗീത വിരുന്നു ഉണ്ടായിരിക്കുന്നതാണ്. എല്ലാ ദിവസവും പ്രവേശനം സൗജന്യമാണ്.

തെറ്റിദ്ധരിപ്പിക്കുന്ന പരസ്യവും മാഞ്ഞുപോകുന്ന ബില്ലും

കല്യാൺ സിൽക്സിന് 31,500 നഷ്ടപരിഹാരം നൽകാൻ എറണാകുളം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന്റെ ശ്രദ്ധേയമായ ഉത്തരവ്

കൊച്ചി: തെറ്റിദ്ധരിപ്പിക്കുന്ന പരസ്യവും മാഞ്ഞുപോകുന്ന ബില്ലും; കല്യാൺ സിൽക്സിന് 31,500 നഷ്ടപരിഹാരം നൽകാൻ എറണാകുളം ജില്ലാ ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷന്റെ ശ്രദ്ധേയമായ ഉത്തരവ്.

"3,000 രൂപയ്ക്ക് സാധനങ്ങൾ വാങ്ങുമ്പോൾ 1,500-ന്റെ ഷോപ്പിംഗ് ആനുകൂല്യം" എന്ന പത്രപ്പരസ്യം കണ്ട് വസ്ത്രങ്ങൾ വാങ്ങിയ ഉപഭോക്താവിന്, പരസ്യത്തിൽ വ്യക്തമായി കാണിക്കാത്ത കർശന നിബന്ധനകൾ ചൂണ്ടിക്കാട്ടി ആനുകൂല്യം നിഷേധിച്ച സംഭവത്തിലാണ് നടപടി.

ഇടപ്പള്ളി സ്വദേശി പി. വി. വേണുഗോപാലപിള്ള നൽകിയ പരാതിയിലാണ് കല്യാൺ സിൽക്സിനെതിരെ ഉത്തരവ് ഉണ്ടായത്.

പരാതിക്കാരൻ 4,055 രൂപയ്ക്ക് വസ്ത്രങ്ങൾ വാങ്ങിയെങ്കിലും, വാഗ്ദാനം ചെയ്ത 1,500 നേരിട്ട് നൽകാതെ 500 വീതമുള്ള മൂന്ന് കൂപ്പണുകളാണ് നൽകിയത്. കൂടാതെ, തുടർന്നുള്ള മാസങ്ങളിൽ നിശ്ചിത തുകയുടെ സാധനങ്ങൾ വാങ്ങിയാൽ മാത്രമേ കൂപ്പണുകൾ ഉപയോഗിക്കാനാകൂ എന്നും സ്ഥാപനം അറിയിച്ചു.

എന്നാൽ, ഈ പ്രധാന നിബന്ധനകൾ പരസ്യത്തിൽ വളരെ ചെറിയ അക്ഷരങ്ങളിലാണ് നൽകിയിരുന്നത്.

കോടതിയുടെ പ്രധാന നിരീക്ഷണം

പ്രധാന ആനുകൂല്യവും വാഗ്ദാനവും ഉപഭോക്താവിന്റെ ശ്രദ്ധയിൽപ്പെടുന്ന രീതിയിൽ വലുതായി പ്രദർശിപ്പിക്കുകയും, അതിനെ നിയന്ത്രിക്കുന്ന പ്രധാനപ്പെട്ട നിബന്ധനകൾ സാധാരണ ഉപഭോക്താവിന് വായിച്ചറിയാൻ ബുദ്ധിമുട്ടുന്ന രീതിയിൽ ചെറിയ അക്ഷരങ്ങളിൽ ഒളിപ്പിക്കുകയും ചെയ്യുന്നത് തെറ്റിദ്ധരിപ്പിക്കുന്ന പരസ്യവും (Misleading Advertisement) അന്യായമായ വ്യാപാര രീതിയും (Unfair Trade Practice) ആണെന്ന് കമ്മീഷൻ വിലയിരുത്തി.

അതോടൊപ്പം, ഉപഭോക്താവിന് നൽകിയ തെർമൽ പ്രിന്റഡ് ബിൽ ഏതാനും മാസങ്ങൾക്കകം മാഞ്ഞുപോയതും കമ്മീഷൻ ഗൗരവമായി പരിഗണിച്ചു.

ഗ്യാരണ്ടി, വാറന്റി, നികുതി സംബന്ധമായ ആവശ്യങ്ങൾ തുടങ്ങിയവയ്ക്ക് ബിൽ പ്രധാനപ്പെട്ട രേഖയായതിനാൽ, ദീർഘകാലം നിലനിൽക്കുന്ന തരത്തിലുള്ള ബിൽ ഉപഭോക്താവിന് നൽകേണ്ട ഉത്തരവാദിത്വം വ്യാപാരിക്കുണ്ടെന്നും കമ്മീഷൻ വ്യക്തമാക്കി.

ഡി. ബി. ബിനു (അധ്യക്ഷൻ), വി. രാമചന്ദ്രൻ, ടി. എൻ. ശ്രീവിദ്യ എന്നിവർ ഉൾപ്പെട്ട ബെഞ്ചാണ് ഉത്തരവ് പുറപ്പെടുവിച്ചത്.

നൽകേണ്ട തുക-വാഗ്ദാനം ചെയ്ത ഷോപ്പിംഗ് ആനുകൂല്യത്തിന് 1,500/-, മാനസിക വിഷമത്തിനും സേവനത്തിലെ വീഴ്ചയ്ക്കും 25,000/- കോടതി ചെലവിലേക്ക് 5,000/-, ആകെ 31,500/

ഈ തുക 45 ദിവസത്തിനകം പരാതിക്കാരന് നൽകാനും കമ്മീഷൻ ഉത്തരവിട്ടു. ഭാവിയിൽ നൽകുന്ന പരസ്യങ്ങളിൽ പ്രധാന ആനുകൂല്യത്തോടൊപ്പം അതുമായി ബന്ധപ്പെട്ട പ്രധാന നിബന്ധനകളും വ്യക്തമായും വായിക്കാവുന്ന അക്ഷര വലുപ്പത്തിലും പ്രസിദ്ധീകരിക്കണമെന്ന് കമ്മീഷൻ നിർദേശിച്ചു.

അതുപോലെ, ഉപഭോക്താക്കൾക്ക് ദീർഘകാലം നിലനിൽക്കുന്ന ബില്ലുകളും നൽകണം.

ഉത്തരവിന്റെ സന്ദേശം വ്യക്തമാണ്:

ഉപഭോക്താവിനെ ആകർഷിക്കുന്ന വാഗ്ദാനം വലുതായി കാണിച്ച്, ആ വാഗ്ദാനത്തെ പരിമിതപ്പെടുത്തുന്ന പ്രധാന നിബന്ധനകൾ ചെറിയ അക്ഷരങ്ങളിൽ ഒളിപ്പിച്ച് പിന്നീട് അവ ചൂണ്ടിക്കാട്ടി ആനുകൂല്യം നിഷേധിക്കാൻ വ്യാപാര സ്ഥാപനങ്ങൾക്ക് കഴിയില്ല.

"Offer" എന്ന പേരിൽ ഉപഭോക്താവിനെ ആകർഷിച്ചാൽ, അതിന്റെ നിബന്ധനകളും അതേ വ്യക്തതയോടെ ഉപഭോക്താവിനെ അറിയിക്കണം.

രുചിക്കൂട്ട് മേള സംഘടിപ്പിച്ചു

തുറവങ്കാട്: UMLPS തുറവങ്കാട് സ്കൂളിലെ മൂന്നാം ക്ലാസ് വിദ്യാർത്ഥികളുടെ നേതൃത്വത്തിൽ 'പലഹാര പൊതി' എന്ന പാഠഭാഗവുമായി ബന്ധപ്പെട്ട് രുചിക്കൂട്ട് മേള സംഘടിപ്പിച്ചു. വാർഡ് മെമ്പർ ശ്രീ. തോമസ് തൊകലത്ത് മേള ഉദ്ഘാടനം ചെയ്തു. പ്രധാനാധ്യാപിക സി. ഷീൻ സി എസ് സി അദ്ധ്യക്ഷത വഹിച്ചു പി ടി എ പ്രസിഡന്റ് ലിജോ മൂഞ്ഞേലി, റീജോ ജോണി, സോജൻ മുക്കുളം എന്നിവർ ആശംസകൾ അറിയിച്ചു സംസാരിച്ചു.

കുട്ടികൾ വീടുകളിൽ തയ്യാറാക്കിയ വിവിധതരം പലഹാരങ്ങളും നാടൻ വിഭവങ്ങളും മേളയിൽ എത്തിച്ചു. ഓരോ കുട്ടിയും തങ്ങൾ കൊണ്ടുവന്ന വിഭവങ്ങളുടെ പാചകക്കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കുകയും ചെയ്തു.

വീട്ടിൽ തയ്യാറാക്കിയ രുചികരമായ വിഭവങ്ങൾ പരിചയപ്പെടുത്താനും പങ്കുവെക്കാനും കുട്ടികൾക്ക് അവസരം ലഭിച്ചു. വൈവിധ്യമാർന്ന ഭക്ഷണവിഭവങ്ങളുമായി കുട്ടികൾ ഏറെ ആവേശത്തോടെയും സന്തോഷത്തോടെയും മേളയിൽ പങ്കെടുത്തു.

കുട്ടികളുടെ സജീവ പങ്കാളിത്തവും സർഗാത്മകതയും കൂട്ടായ്മയും കൊണ്ട് രുചിക്കൂട്ട് മേള ശ്രദ്ധേയമായി

ചട്ടമ്പിസ്വാമി ജയന്തി എൻ.എസ്. എസ്. മുകുന്ദപുരം താലൂക്ക് യൂണിയൻ ആചരിച്ചു

ഇരിങ്ങാലക്കുട: കേരളത്തിലെ നവോത്ഥാന ശില്പികളിൽ അദ്വിതീയനായ ആദ്ധ്യാത്മികാചാര്യൻ വിദ്യാധിരാജ ശ്രീമദ് ചട്ടമ്പിസ്വാമികളുടെ നുറ്റിഎഴുപത്തിനാലാം ജന്മജയന്തി മുകുന്ദപുരം താലൂക്ക് എൻ. എസ്. എസ്. കരയോഗ യൂണിയൻ ഭക്തിനിർഭരമായ ചടങ്ങുകളോടെ ആചരിച്ചു. സ്വാമിജിയുടെ അലങ്കരിച്ച ഛായാചിത്രത്തിനു മുൻപിൽ താലൂക്ക് യൂണിയൻ വൈസ് പ്രസിഡന്റ് ആർ. ബാലകൃഷ്ണൻ വിളക്കുകൊളുത്തി പരിപാടി ഔപചാരികമായി ഉദ്ഘാടനം ചെയ്തു.

അന്ധവിശ്വാസത്തിന്റെയും അനാചാരത്തിന്റെയും പാഴ്ക്കുണ്ടിൽനിന്ന് പുനരുദ്ധരിക്കാൻ പ്രയത്നിച്ച ചട്ടമ്പി സ്വാമികളെ വേണ്ടരീതിയിൽ കേരളീയ സമൂഹം ഇന്നും മനസ്സിലാക്കിയിട്ടില്ലെന്ന് അദ്ദേഹം പറഞ്ഞു. കേരളീയ നവോത്ഥാന വിപ്ലവത്തിന് നേതൃത്വം നൽകിയ സ്വാമികളുടെ ജീവിതവും ദർശനവും പാഠ്യ വിഷയമാക്കേണ്ടതാണെന്നും ബാലകൃഷ്ണൻ അഭിപ്രായപ്പെട്ടു

താലൂക്ക് യൂണിയൻ ഭരണ സമിതി അംഗങ്ങളായ പി.ആർ. അജിത്കുമാർ, രമ വിജയൻ, എൻ. ഗോവിന്ദൻകുട്ടി, സുനിൽ കെ. മേനോൻ, ചന്ദ്രമതി സുരേഷ്, നന്ദൻ പറമ്പത്ത്, സോമൻ മുത്രത്തിക്കര, വിജയൻ ചിറ്റേത്ത് തുടങ്ങിയവർ സംസാരിച്ചു.

താലൂക്ക് യൂണിയൻ സെക്രട്ടറി എസ്. കൃഷ്ണകുമാർ സ്വാഗതവും ഇരിങ്ങാലക്കുട മേഖല കൺവീനർ രവി കണ്ണൂർ നന്ദിയും പറഞ്ഞു.

കോടതി പരസ്യം

ജോയിന്റ് ചിട്ടി രജിസ്ട്രാർ/നോമിനി ഓഫ് ജോ. ചിട്ടി രജിസ്ട്രാർ കാര്യാലയം, ഉത്തരമദ്ധ്യമേഖല ചെമ്പൂക്കാവ്, തൃശ്ശൂർ – 20

ARB OP: 44/2026

പരാതിക്കാരൻ

ന്യൂ മില്ലേനിയം ചിറ്റ്സ് പ്രൈവറ്റ് ലിമിറ്റഡ്, ചെമ്പോട്ടിൽ ലൈൻ കെ.കെ വാരിയർ മെമ്മോറിയൽ ട്രസ്റ്റ് ബിൽഡിങ്ങ്, ഡോർ നമ്പർ 36/2556 തൃശ്ശൂർ എന്ന സ്ഥാപനത്തിനു വേണ്ടി ചെയർമാൻ/ഫോർമാൻ, ശ്രീ. സി.വി. ഫ്രാൻസീസ്, ചെറുവത്തൂർ മേച്ചേരി വർഗ്ഗീസ് മകൻ, കൂർക്കഞ്ചേരി വില്ലേജ് ദേശം, തൃശ്ശൂർ താലൂക്ക്

1-ാം എതൃകക്ഷി:

ശ്രീ. മനോജ്കുമാർ കെ സി, കളത്തിപറമ്പിൽ ചന്ദ്രശേഖരൻ മകൻ, പറപ്പൂക്കാവ് ദേശം, ചൂണ്ടൽ വില്ലേജ്, കുന്നംകുളം താലൂക്ക്, പി ഒ പറപ്പൂക്കാവ് 680501

മേൽപറഞ്ഞ പരാതിക്കാരൻ 1982-ലെ ചിറ്റ് ഫണ്ട് ആക്ട് സെക്ഷൻ 64 പ്രകാരം വ്യവഹാരം ബോധിപ്പിച്ചിട്ടുള്ളതാണ്. ആയതിന്റെ ഹിയറിംഗ് **17-09-2026** തീയതി വ്യാഴാഴ്ച്ച പകൽ 11 മണിക്ക് നിശ്ചയിച്ചിരിക്കുന്നതിനാൽ അന്നേ ദിവസം തൃശ്ശൂരിലെ ചെമ്പൂക്കാവിലുള്ള ജില്ലാ രജിസ്ട്രേഷൻ സമുച്ചയത്തിലെ ചിട്ടി ആർബിട്രേഷൻ ട്രിബ്യൂണൽ മുമ്പാകെ തർക്ക പരിഹാരത്തിനായി ആവശ്യമായ രേഖകൾ സഹിതം ഹാജരാക്കേണ്ടതാണ്. അല്ലാത്ത പക്ഷം ജപ്തി ഉൾപ്പടെയുള്ള നിയമ നടപടികൾ സ്വീകരിക്കുന്നതാണ്.

എന്ന്, 31-08-2026

ഹർജിഭാഗം അഡ്വക്കെറ്റ് :

ബബിൽ രമേഷ് (ഒപ്പ്)